**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6347** | **10-11-2021 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാലയങ്ങളിലെ പ്രതിഭകൾക്ക് അംഗീകാരം നൽകുന്ന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീമതി ദെലീമ,<br>ശ്രീ. എം.വിജിൻ** | | **Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പൊതു വിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ സാമൂഹ്യാവബോധം വളർത്തുന്നതിനും സാമൂഹ്യശാസ്ത്ര പ്രതിഭകളെ കണ്ടെത്തി പരിപോഷിപ്പിക്കുന്നതിനുമായി പൊതു വിദ്യാഭ്യാസ വകുപ്പ് പ്രത്യേകമായ പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (എ) | ഉണ്ട്. പൊതു വിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ സാമൂഹ്യാവബോധം വളർത്തുന്നതിനും മൂഹ്യശാസ്ത്ര പ്രതിഭകളെ കണ്ടെത്തി പരിപോഷിപ്പിക്കുന്നതിനുമായി നടപ്പാക്കിയ പദ്ധതിയാണ് സ്റ്റെപ്സ് (STEPS – Student's Talent Enrichment Programme in Social Science). സമൂഹം നേരിടുന്ന വെല്ലുവിളികളും ആർജ്ജിച്ച അറിവും തമ്മിൽ ബന്ധിപ്പിക്കുവാനും അതുവഴി പ്രശ്നവിശകലനം നടത്തി നിലപാടുകളും പരിഹാരനിർദ്ദേശങ്ങളും രൂപപ്പെടുത്തുവാൻ കുട്ടികളെ പ്രാപ്തരാക്കുക സാമൂഹ്യശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട് ലഭിക്കുന്ന അനുഭവങ്ങൾ സാമൂഹ്യ പുരോഗതിയ്ക്കായി പ്രയോജനപ്പെടുത്തുക, ഭാവിയിൽ ഈ വിഷയത്തിൽ ഉന്നത വിദ്യാഭ്യാസം നേടുവാൻ കുട്ടികളെ പ്രാപ്തരാ ക്കുന്നതോടൊപ്പം, സാമൂഹ്യ ഉത്തര വാദിത്വങ്ങൾ ഏറ്റെടുക്കാൻ കുട്ടികളെ കഴിവുള്ളവരാക്കുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. ഗവേഷണ പ്രവർത്തനങ്ങൾ, വിദഗ്ധരുമായുള്ള അഭിമുഖം, പഠന യാത്രകൾ, സെമിനാറുകൾ, ഗ്രൂപ്പ് ചർച്ചകൾ, സംവാദങ്ങൾ, പ്രാദേശിക ചരിത്രാന്വേഷണം, പ്രോജക്റ്റ്, വിഭവഭൂപട നിർമ്മാണം തുടങ്ങിയ വൈവിധ്യമാർന്ന പ്രവർത്തനങ്ങളുടെ ഭാഗമാകുവാൻ തെരഞ്ഞെടുക്കപ്പെടുന്നവർക്ക് അവസരമുണ്ടാകും. ഏഴ് ദിവസത്തെ സംസ്ഥാന ക്യാമ്പുകളിലൂടെ ഇത്തരം പ്രവർത്തനങ്ങളിൽ പങ്കെടുക്കുവാൻ കുട്ടികൾക്ക് അവസരം ലഭിക്കും. 2018-19 അധ്യയന വർഷം മുതൽ ആറാം ക്ലാസിലാണ് പദ്ധതി ആരംഭിച്ചത്. |
| (ബി) | ഗണിതപ്രതിഭകൾക്ക് അംഗീകാരവും പ്രോത്സാഹനവും നൽകുന്നതിനായി പ്രത്യേക | (ബി) | ഉണ്ട്. ഗണിതത്തിൽ അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് നിരന്തരമായ പരിശീലനവും |

| | | | |
|---|---|---|---|
| | പദ്ധതി നിലവിലുണ്ടോ; പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ; | | പ്രോത്സാഹനവും നൽകുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പ് നടത്തുന്ന ഗണിത പഠനപരിപോഷണ പരിപാടിയാണ് NuMATS (Nurturing Mathematical Talents in Schools) ഓരോ വർഷവും ആറാം ക്ലാസിൽ പഠിക്കുന്ന ഗണിതത്തിൽ മിടുക്കരായ സംസ്ഥാന തലത്തിൽ 74 കുട്ടികളെ തെരഞ്ഞെടുത്ത് അവർക്ക് പന്ത്രണ്ടാം ക്ലാസ് കഴിയുന്നതു വരെ ഉയർന്ന നിലവാരത്തിലുള്ള ക്ലാസുകളും പ്രായോഗികാനുഭവങ്ങളും നൽകി അവരെ ഗണിത പ്രതിഭകളാക്കി വളർത്തുന്നതിനുള്ള ഒരു പദ്ധതിയാണ് ന്യൂമാറ്റ്സ്. തിരഞ്ഞെടുത്ത കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് വേനലവധിക്കാലത്ത് വർഷം തോറും പത്ത് ദിവസത്തെ സഹവാസ ക്യാമ്പ് നടത്തുന്നു. പ്രസ്തുത ക്യാമ്പിൽ ഇന്ത്യയിലെ തന്നെ മികച്ച ഗണിത അധ്യാപകരുമായി സംവദിക്കുന്നതിനുള്ള അവസരം കുട്ടികൾക്ക് ലഭ്യമാകുന്നു. ഗണിതശാസ്ത്ര ഒളിമ്പ്യാഡ് പോലുള്ള മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് ആവശ്യമായ പരിശീലനവും നൽകുന്നുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ ന്യൂമാറ്റ്സ് പ്രവർത്തനങ്ങൾ ഓൺലൈൻ സാധ്യതകൾ പ്രയോജനപ്പെടുത്തിയാണ് നടത്തുന്നത് ഇതിലേക്കായി പ്രത്യേക LMS പ്ലാറ്റ്ഫോം ഒരുക്കിയിട്ടുണ്ട്. |
| (സി) | ഓരോ കുട്ടിയെയും ഓരോ യൂണിറ്റായി കണ്ടുകൊണ്ട് അവരുടെ സവിശേഷ കഴിവ് വികസിപ്പിക്കുന്നതിനായി എസ്.സി.ഇ.ആർ.ടി ആരംഭിച്ച പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ? | (സി) | ഓരോ കുട്ടിയെയും ഓരോ യൂണിറ്റായി കണ്ടുകൊണ്ട് അവരുടെ സവിശേഷ കഴിവ് വികസിപ്പിക്കുന്നതിനായി എസ്.സി.ഇ.ആർ.ടി ആരംഭിച്ച പദ്ധതിയാണ് 'സഹിതം'. കുട്ടികളുടെ കഴിവുകൾ തിരിച്ചറിയാൻ സഹായിക്കും വിധം ഫീഡ് ബാക്ക് നൽകലും, അവരുടെ പരിമിതികളിൽ സഹായം നൽകുകയും ചെയ്യുന്നതിലൂടെ കുട്ടികളുടെ ആത്മവിശ്വാസം നിലനിർത്തുന്നതിന് സഹായകരമായ മൂന്നു ഘടകങ്ങളാണ് മെന്ററിംങ്ങും, നിരന്തരവിലയിരുത്തലും, സ്റ്റുഡന്റ് പ്രൊഫൈലിങ്ങും. ഇവ മൂന്നും കൂട്ടിയിണക്കി രൂപപ്പെടുത്തിയ പദ്ധതിയാണ് 'സഹിതം'. നിരന്തര വിലയിരുത്തലിനും സ്റ്റുഡന്റ് പ്രൊഫൈൽ തയ്യാറാക്കുന്നതിനും സഹായിക്കുന്ന ഡിജിറ്റൽ പ്ലാറ്റ്ഫോമും അദ്ധ്യാപക ശാക്തീകരണവും ഇതിന്റെ പ്രധാന ഭാഗങ്ങളാണ്. ഓരോ ക്ലാസിനും കൃത്യമായ പഠനലക്ഷ്യങ്ങൾ നിശ്ചയിച്ച് അതിനനുസരണമായി വിലയിരുത്തൽ സൂചകങ്ങൾ തയ്യാറാക്കുകയാണ് ഇതിലെ ആദ്യഘട്ടം. ഇവ ഉപയോഗപ്പെടുത്തി കുട്ടികളെ മനസ്സിലാക്കി അവരെ സഹായിക്കുകയെന്നതാണ് രണ്ടാം ഘട്ടമായി |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതി പ്രൈമറി ക്ലാസ്സുകളിൽ പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ